(ഡി) ഈ സംവിധാനം കൂടുതൽ വ്യാപിപ്പിച്ചുകൊണ്ട് ഇലക്ട്രോണിക് ക്ലിയറൻസ് സംവിധാനവും മൊബൈൽ ഫോൺവഴിയുള്ള ഓൺലൈൻ പേയ്മെന്റ് സംവിധാനവും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി സബ്സിഡി

73 (418) ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി സബ്സിഡി നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) വൈദ്യുതി സബ്സിഡി നൽകുന്ന പണം വൈദ്യുതി വകുപ്പിന് കൃഷി വകുപ്പ് നൽകുന്നുണ്ടോ ; ഇതിൽ എത്രമാത്രം കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കൃഷിയെയും അനുബന്ധ മേഖലകളെയും ഏത് നിരക്കിലാണ് വൈദ്യുതി വകുപ്പ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി ചാർജ്ജിൽ സബ്സിഡി അനുവദിച്ച വകയിൽ (31-3-2015 വരെ) കുടിശ്ശിക ഒന്നും തന്നെയില്ല.

(സി) കൃഷിക്കും അനുബന്ധ മേഖലകൾക്കുമുള്ള വൈദ്യുതി ചാർജ്ജ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ബാലുശ്ശേരി കിനാലൂർ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

74 (419) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി നിയമസഭാ മണ്ഡലത്തിലെ കിനാലൂർ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ മൂന്നാം വാർഷികത്തിലും സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly